**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4816** **26.06.2019 ൽ** മറുപടിക്ക്

**മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് കെട്ടിടനിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ടി.എ. അഹമ്മദ് കബീർ** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** | |
| എ) | മങ്കട നിയോജക മണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വക ഭൂമി നൽകിയതിന്റെ തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | എ) | മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സ്ഥലം കമ്പോള വില ഈടാക്കി പതിച്ച് നൽകുന്നതിന്റെ ഭാഗമായി പ്രസ്തുത 20 സെന്റ് സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് വിട്ടു നൽകുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രം നൽകുന്നതിനായി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ ഓഫീസ് സൂപ്രണ്ടിംഗ് എഞ്ചിനീയർ 19.06.2019-ന് എഫ് 1-3986/2010 നമ്പർ കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ഭൂമി ഇറിഗേഷൻ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയി ട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) | ഇല്ല, ഭൂമി വിട്ട് കിട്ടുന്നതിന്റെ ഭാഗമായി ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യ മാക്കുന്നതിനായി മൈനർ ഇറിഗേഷൻ ഓഫീസിൽ നിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. |
| സി) | ഭൂമി ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേക്കായുള്ള ഫണ്ടിന്റെ സ്രോതസ്സ് സംബന്ധിച്ചകാര്യം വ്യക്ത-മാക്കാമോ? | സി) | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി 26.02.2016 തീയതിയിലെ സ.ഉ.(സാധാ) നം.841/2016/തസ്വഭവ ഉത്തരവ് പ്രകാരം ശ്രീ. ടി.എ. അഹമ്മദ് കബീർ എം.എൽ.എ. (മങ്കട നിയോജക മണ്ഡലം)യുടെ പ്രാദേശിക ആസ്തി വികസന പദ്ധതിയിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും 10.06.2019 തീയതിയിലെ സ.ഉ.(സാധാ) നം.1178/2019/തസ്വഭവ ഉത്തരവ് പ്രകാരം മേൽ ഭരണാനുമതി പുതുക്കി നൽകിയിട്ടുള്ളതുമാണ്. കൂടാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതി നായി തുക കണ്ടെത്തുന്നതിന് മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് 2019-20 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ ലഭ്യമായ തുകയിൽ മെയിന്റനൻസ് പ്രവർത്തികൾക്കായി മാറ്റിവെച്ചതിനു ശേഷം ബാക്കി വന്ന തുക വിനിയോഗിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി 20.06.2019-ന് നടന്ന കോ-ഓർഡിനേഷൻ സമിതി മുമ്പാകെ ഗ്രാമ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ